**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3121** **04-08-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടറയിലെ സ്ത്രീ പീഡന കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ കുണ്ടറയിൽ ഒരു പ്രാദേശിക രാഷ്ട്രീയ നേതാവിന്റെ മകൾ അതേ രാഷ്ട്രീയ പാർട്ടിയിലെ സംസ്ഥാന നേതാവിനെതിരെ നൽകിയ സ്ത്രീ പീഡന കേസിൽ സംസ്ഥാനത്തെ ഒരു മന്ത്രി ഇടപെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇതിലെ പരാതിക്കാരി എൻ.സി.പി. നേതാവിന്റെ മകളും ആരോപണ വിധേയമായിട്ടുള്ളയാൾ എൻ.സി.പി. യുടെ മറ്റൊരു പ്രവർത്തകനുമാണ് എന്നുമാണ് മനസ്സിലാക്കാനായിട്ടുള്ളത്. ഇവർ തമ്മിലുള്ള തർക്കം എന്ന നിലയിൽ എൻ.സി.പി. നേതാവു കൂടിയായ മന്ത്രി അന്വേഷിക്കുകയാണ് ഉണ്ടായത് എന്ന കാര്യം മന്ത്രി തന്നെ പൊതു സമൂഹത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. |
| (ബി) | എങ്കിൽ ഈ വിഷയത്തിൽ പ്രസ്തുത മന്ത്രിക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) | ഇതിലെ പരാതിക്കാരി എൻ.സി.പി. നേതാവിന്റെ മകളും ആരോപണ വിധേയമായിട്ടുള്ളയാൾ എൻ.സി.പി. യുടെ മറ്റൊരു പ്രവർത്തകനുമാണ് എന്നുമാണ് മനസ്സിലാക്കാനായിട്ടുള്ളത്. ഇവർ തമ്മിലുള്ള തർക്കം എന്ന നിലയിൽ എൻ.സി.പി. നേതാവു കൂടിയായ മന്ത്രി അന്വേഷിക്കുകയാണ് ഉണ്ടായത് എന്ന കാര്യം മന്ത്രി തന്നെ പൊതു സമൂഹത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത പരാതിയിൽ പോലീസ് കേസ് എടുക്കാൻ വൈകിയതായി ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ; | (സി) | കുണ്ടറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. നമ്പർ. 1176/2021 കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥന് വീഴ്ച വന്നിട്ടുള്ളതായി തിരുവനന്തപുരം റേഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടി കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥരായിരുന്ന ഇൻസ്പെക്ടർ ബി.എസ്. സജികുമാർ, എസ്. ജയകൃഷ്ണൻ എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തുവാൻ സംസ്ഥാന പോലീസ് മേധാവി T2/110676/PHQ Dated 28.07.2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | പോലീസിന്റെ ഈ നടപടി സുപ്രീം കോടതി നിർദ്ദേശത്തിന് വിരുദ്ധമാണോ എന്ന് | (ഡി) | ബഹു. സുപ്രീം കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിനായി പോലീസ് ആസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | നിന്നും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നം. 5/2018, 41/2020, 12/2021, എന്നിവയുടെ ലംഘനമുണ്ടായിട്ടുണ്ടെന്ന് പ്രാഥമിക അന്വേഷണത്തിൽ വെളിവായിട്ടുണ്ടെന്ന് പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ